2026
NOVEMBER
13
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



നാലു പൊതുമേഖലാ ബാങ്കുകളിലെ ഓഹരി വിറ്റഴിക്കാൻ കേന്ദ്രസർക്കാർ

മുംബൈ: നാലു പൊതുമേഖലാ ബാങ്കുകളിലെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രസർക്കാർ തയ്യാറെടുക്കുന്നു. ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ ഉടമകളുടെ ഓഹരി പങ്കാളിത്തം 75 ശതമാനമായി കുറയ്ക്കണമെന്ന സെബി നിബന്ധന പാലിക്കുന്നതിന്റെ ഭാഗമായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, യൂകോ ബാങ്ക്, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവയിലെ ഓഹരികളാണ് വിറ്റഴിക്കുക.

ഇന്ത്യൻ ഓവർസീസ് ബാങ്ക് ഓഹരി വിൽപ്പനയാകും ആദ്യം നടക്കുകയെന്നാണ് സൂചന. ക്യു.ഐ.പി. മാതൃകയിൽ തിരഞ്ഞെടുത്ത നിക്ഷേപ കസ്ഥാപനങ്ങൾക്ക് ഓഹരി കൈമാറിക്കൊണ്ടായിരിക്കുമിത്.

ഇത്തരത്തിൽ 5,000 കോടി രൂപ വരെ സമാഹരിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. വിപണിയിൽ അനുകൂലസാഹചര്യം വിലയിരുത്തി മാർച്ചിനു മുൻപ് ഓഹരി വിൽപ്പന പൂർത്തിയാക്കാനാണു നീക്കം. നിലവിൽ ബാങ്കിൽ 92.44 ശതമാനം ഓഹരികളാണ് സർക്കാരിനുള്ളത്. ഇത് 75 ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. 2025 26 സാമ്പത്തികവർഷം ബാങ്കിന്റെ 2.17 ശതമാനം ഓഹരികൾ 1,419 കോടി രൂപയ്ക്ക് വിറ്റഴിച്ചിരുന്നു.

സെൻട്രൽ ബാങ്കിൽ സർക്കാരിന് 81.19 ശതമാനം പങ്കാളിത്തമുണ്ട്. 2025, 26 വർഷങ്ങളിലായി 8.08 ശതമാനം ഓഹരികൾ വിറ്റഴിച്ചശേഷമാണിത്. അന്ന് 2,666 കോടി രൂപയായിരുന്നു സമാഹരിച്ചത്. യൂകോ ബാങ്കിൽ 90.95 ശതമാനവും പഞ്ചാബ് ആൻഡ് സിന്ധ് ബാങ്കിൽ 93.85 ശതമാനവും ഓഹരികളാണ് സർക്കാരിനുള്ളത്.

2025ൽ യൂകോ ബാങ്ക് 2,000 കോടിയും പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക് 1,219 കോടിയും ഓഹരി വിൽപ്പനയിലൂടെ സമാഹരിച്ചിരുന്നു. ഒരു വർഷത്തിനുള്ളിൽ ഓഹരി വിൽപ്പന പൂർത്തിയാക്കി സർക്കാർ ഓഹരി പങ്കാളിത്തം 80 ശതമാനത്തിലേക്കു കുറച്ചുകൊണ്ടുവരാനാണ് ലക്ഷ്യമിടുന്നതെന്നും സർക്കാർവൃത്തങ്ങൾ സൂചിപ്പിക്കുന്നു.

അതിനിടെ രണ്ടു പൊതുമേഖല ബാങ്കുകൾകൂടി സ്വകാര്യവത്കരിക്കാനുള്ള സാധ്യതകൾ സർക്കാർ വീണ്ടും പരിഗണിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

ഐ.ഡി.ബി.ഐ. ബാങ്ക് സ്വകാര്യവത്കരണം അവസാനഘട്ടത്തിലേക്കു കടന്നതിനു പിന്നാലെയാണ് വീണ്ടും ബാങ്ക് സ്വകാര്യവത്കരണത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ പരക്കുന്നത്. എന്നാൽ, ഇതേക്കുറിച്ച് സർക്കാർ പ്രതികരിച്ചിട്ടില്ല.

ദീപാവലി സ്മാർട്ട്ഫോൺ വിൽപനയിൽ 20 ശതമാനം ഇടിവ്

ന്യൂദൽഹി: ഇക്കഴിഞ്ഞ ദീപാവലി ഉത്സവ സീസണിൽ രാജ്യത്തെ ഓഫ്ലൈൻ സ്മാർട്ട്ഫോൺ റീട്ടെയിൽ വിപണിയിൽ ഫോണുകളുടെ വിൽപന അളവിൽ 18 മുതൽ 20 ശതമാനം വരെ വാർഷിക ഇടിവ് രേഖപ്പെടുത്തി.

ഉപഭോക്തൃ ഡിമാൻഡിലുണ്ടായ കുറവും ഫോണുകളുടെ വിലക്കയറ്റവുമാണ് പ്രധാന തിരിച്ചടിയായതെന്ന് ഓൾ ഇന്ത്യ മൊബൈൽ റീട്ടെയ്ലേഴ്സ് അസോസിയേഷൻ (എഐഎംആർഎ) പുറത്തുവിട്ട ദീപാവലി റീട്ടെയിൽ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. എന്നാൽ, പ്രീമിയം ഫോണുകളുടെ വിൽപന വർധിച്ചതിനാൽ മൊത്തം വിൽപന മൂല്യത്തിൽ വലിയ ഇടിവുണ്ടായില്ല. ഓഫറുകൾക്ക് ശേഷമുള്ള 30,000 രൂപ മുതൽ 60,000 രൂപ വരെയുള്ള പ്രൈസ് വിഭാഗത്തിലാണ് ഭൂരിഭാഗം ഇടപാടുകളും നടന്നത്.

ഉത്സവ സീസണിൽ ആപ്പിളും മോട്ടറോളയും മികച്ച പ്രകടനം കാഴ്ചവച്ചു. വിലവർധനവിനു മുന്പുള്ള സ്റ്റോക്കുകൾ ലഭ്യമായിരുന്ന ഇടങ്ങളിലെല്ലാം ഐഫോൺ 15, 16, 17 മോഡലുകൾക്ക് മികച്ച ഡിമാൻഡ് ലഭിച്ചു. പുതിയ ഐഫോൺ 18 പ്രോ, പ്രോ മാക്സ് എന്നിവയും പ്രീമിയം വിപണിയിൽ മുന്നേറ്റമുണ്ടാക്കി. പ്രീമിയം നിരയിൽ ഗൂഗിൾ പിക്സൽ അതിവേഗ വളർച്ച കൈവരിച്ചപ്പോൾ, റെഡ്മി നോട്ട് 17 പരമ്പരയിലൂടെ ഷവോമി സ്ഥിരതയാർന്ന വളർച്ച രേഖപ്പെടുത്തി. വിവോ, ഒപ്പോ മോഡലുകൾക്കും മികച്ച സ്വീകാര്യത ലഭിച്ചു.

എന്നാൽ, പ്രമുഖ ബ്രാൻഡുകളിൽ ഏറ്റവും വലിയ തിരിച്ചടി നേരിട്ടത് റിയൽമിക്കാണ്. രാജ്യത്തുടനീളം കമ്പനിയുടെ വിൽപനയിൽ 50 ശതമാനത്തിലധികം ഇടിവാണുണ്ടായത്. ഷവോമി, സാംസംഗ്, വിവോ എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ റിയൽമി ഫോണുകൾക്കുണ്ടായ ഉയർന്ന വിലയും, ആകർഷകമായ പുതിയ മോഡലുകളുടെയും ഉത്സവ ഓഫറുകളുടെയും അഭാവവുമാണ് തിരിച്ചടിക്കു കാരണമായി എഐഎംആർഎ ചൂണ്ടിക്കാണിക്കുന്നത്. 40,000 രൂപയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ ബ്രാൻഡിന് വിപണി സ്വീകാര്യത കുറഞ്ഞതും ഇതിന് ആക്കം കൂട്ടി.

ഓൺലൈൻഓഫ്ലൈൻ വിലകളിലെ വലിയ വ്യത്യാസം കാരണം പ്രമുഖ ബ്രാൻഡായ സാംസംഗിന് പരമ്പരാഗത റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴിയുള്ള വിൽപന ലക്ഷ്യങ്ങൾ കൈവരിക്കാനായില്ല. ഗാലക്സി എസ്25, എസ്25 അൾട്രാ, ഫോൾഡ് 8 തുടങ്ങിയ മോഡലുകളുടെ ഓൺലൈൻ ഡിസ്കൗണ്ടുകൾ ബ്രാൻഡ് സ്റ്റോറുകളെപ്പോലും ബാധിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കുമാത്രമായി പ്രത്യേക ഓഫറുകൾ നൽകുന്നത് അവസാനിപ്പിച്ച് ഓഫ്ലൈൻഓൺലൈൻ വിലകളിൽ തുല്യത കൊണ്ടുവരണമെന്ന് എഐഎംആർഎ നിർമാതാക്കളോട് ആവശ്യപ്പെട്ടു.15,000 രൂപയിൽ താഴെയുള്ള ബജറ്റ് വിഭാഗത്തിൽ ഉപയോക്താക്കൾ പുതിയ ഫോണുകൾ വാങ്ങാതെ പഴയ ഫോണുകളിലേക്കു (റീഫർബിഷ്ഡ്) മാറിയത് ചെറുകിട വ്യാപാരികളെ കാര്യമായി ബാധിച്ചു. വിപണിയിൽ നടന്ന ആകെ ഇടപാടുകളുടെ 60 ശതമാനവും ഇഎംഐ വഴിയാണ് നടന്നത്.

മെമ്മറി, മറ്റ് നിർമാണ ഘടകങ്ങളുടെ വിലക്കയറ്റം കാരണം ഫോൺ നിർമാതാക്കൾ വരും മാസങ്ങളിൽ 15 ശതമാനം വരെ വിലവർധിപ്പിച്ചേക്കുമെന്നാണ് സൂചന.



കൊച്ചിൻ ഷിപ്പ്യാർഡിന്റെ രണ്ടാംപാദ ലാഭം പാതിയായി, ഓഹരി വിലയിൽ 6% ഇടിവ്

കൊച്ചി: കേരളം ആസ്ഥാനമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനവും രാജ്യത്തെ ഏറ്റവും വലിയ കപ്പൽ നിർമാണ, അറ്റകുറ്റപ്പണിശാലയുമായ കൊച്ചിൻ ഷിപ്പ്യാർഡിന്റെ ഓഹരികൾ 6% ഇടിവിൽ. എൻഎസ്ഇയിൽ 1200 രൂപയിൽ വ്യാപാരം ആരംഭിച്ച ഓഹരികൾ ഒരുഘട്ടത്തിൽ 1186.50 രൂപവരെ താഴ്ന്നു. വ്യാപാരം ആദ്യ മണിക്കൂർ പിന്നിട്ടപ്പോഴുള്ളത് 1212 രൂപയിലായിരുന്നു.

മൂന്നാം നരേന്ദ്ര മോദി സർക്കാർ അധികാരത്തിലേറുന്ന ആവേശത്തിൽ, അതായത് 2024 ജൂലൈ ആദ്യവാരം 2830 രൂപയ്ക്കു മുകളിലായിരുന്നു കൊച്ചിൻ ഷിപ്പ്യാർഡ് ഓഹരിവില. വിപണി മൂല്യം 70,000 കോടി രൂപയ്ക്ക് മുകളിലുമായിരുന്നു. മോദി സർക്കാർ പ്രതിരോധച്ചെലവ് ഗണ്യമായി വർധിപ്പിക്കുമെന്നും ഇതിന്റെ വലിയൊരു നേട്ടം കൊച്ചിൻ ഷിപ്പ്യാർഡിന് ലഭിക്കുമെന്ന പ്രതീക്ഷകളുമാണ് അന്ന് ഓഹരിക്ക് ആവേശമായത്.

പ്രതിരോധരംഗത്ത് സുപ്രധാന ഓഹരികളിലൊന്നായ കൊച്ചിൻ ഷിപ്പ്യാർഡിന്റെ കുതിപ്പ് മുതലെടുത്ത് പിന്നീട് ലാഭമെടുപ്പ് ശക്തമായി; ഓഹരിവില 1100 രൂപനിലവാരത്തിലേക്കും താഴ്ന്നു. ഇക്കഴിഞ്ഞ ഒക്ടോബർ 27ലെ 1101.20 രൂപയാണ് 52ആഴ്ചയിലെ ഏറ്റവും താഴ്ന്നവില. നിലവിലെ ഓഹരിവില പ്രകാരം 31,890 കോടി രൂപയാണ് കമ്പനിയുടെ വിപണിമൂല്യം.

നടപ്പു സാമ്പത്തിക വർഷത്തെ (2026-27) രണ്ടാംപാദമായ ജൂലൈസെപ്റ്റംബറിൽ ലാഭം പാതിയായി ഇടിഞ്ഞതാണ് കൊച്ചിൻ ഷിപ്പ്യാർഡ് ഓഹരികളെ ഇന്നലെ വിൽപനസമ്മർദത്തിലാക്കിയത്. മുൻവർഷത്തെ സമാനപാദത്തിലെ 107.53 കോടി രൂപയിൽ നിന്ന് 53.77 കോടി രൂപയായാണ് സംയോജിതലാഭം കുറഞ്ഞത്.പ്രവർത്തന വരുമാനം 11.7% ഉയർന്ന് 1249.19 കോടി രൂപയായെങ്കിലും ലാഭത്തകർച്ച തടയാനായില്ല. മൊത്ത വരുമാനം 7% ഉയർന്ന് 1332 കോടി രൂപയിൽ എത്തിയിട്ടുമുണ്ട്.

പ്രവർത്തന മികവിന്റെ അളവുകോലുകളിലൊന്നായ എബിറ്റ്ഡ അഥവാ നികുതി, പലിശ തുടങ്ങിയ ബാധ്യതകൾക്ക് മുൻപുള്ള ലാഭം 30.7% ഇടിഞ്ഞതും കമ്പനിക്ക് ക്ഷീണമാണ്.

സൊസൈറ്റി ടുഡേ SOCIETY TODAY

നിക്ഷേപങ്ങൾക്ക് പ്രവാസി ഫണ്ട് കണ്ടെത്തുന്നത് ആലോചനയിൽ: മുഖ്യമന്ത്രി

കോവളം: കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖലയിൽ നിക്ഷേപങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി പ്രവാസികളുടെ എൻഡോവ്മെൻറ് ഫണ്ട് തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. കോവളം ലീലാ റാവിസ് ഹോട്ടലിൽ ഹഡിൽ ഗ്ലോബലിന്റെ ഭാഗമായി റൗണ്ട് ടേബിൾ കോൺഫറൻസിൽ പങ്കെടുക്കുകയായിരുന്നു മുഖ്യമന്ത്രി. സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, യു.കെ. ജർമനി, ഇറ്റലി, ഫിൻലൻഡ്, ബെൽജിയം ജപ്പാൻ തുടങ്ങി വിവിധ രാജ്യങ്ങളുടെയും കമ്പനികളുടെയും പ്രതിനിധികൾ തുടങ്ങിയവർ റൗണ്ട് ടേബിൾ കോൺഫറൻസിൽ പങ്കെടുത്തു. മുഖ്യമന്ത്രിയുടെ സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, ഐ.ടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ് സുഹാസ്, കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക തുടങ്ങിയവരും ചർച്ചകളിൽ പങ്കുചേർന്നു.



നിക്ഷേപകർക്ക് നടപടിക്രമങ്ങൾ ലഘൂകരിച്ച് നൽകുന്നതിനായി 19 നിയമങ്ങളെ ഭേദഗതി ചെയ്തുകൊണ്ട് കേരളം സരൾ നിയമം നടപ്പാക്കിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ വായ്പ അനുവദിക്കുന്നതിന് വിവിധ ബാങ്കുകളുമായി ചർച്ച തുടരുകയാണ്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഈടില്ലാതെ സ്റ്റാർട്ടപ്പുകൾക്ക് വായ്പ നൽകുന്നുണ്ട്. തന്റെ ആദ്യ ബജറ്റിൽ വായ്പാതുക വർധിപ്പിച്ചുവെന്ന് പറഞ്ഞ മുഖ്യമന്ത്രി തുക ഇനിയും വർധിപ്പിക്കുമെന്ന് അറിയിച്ചു. ആരോഗ്യം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിലുള്ള സ്റ്റാർട്ടപ്പുകളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ പാസാകുന്നതോടെ, വിദേശ സർവകലാശാലകൾക്ക് കേരളത്തിൽ പ്രവർത്തിക്കാൻ അവസരം ഒരുങ്ങും. നഴ്സിംഗ് കോഴ്സുകൾക്കുള്ള സീറ്റ് ഇരട്ടിയാക്കി കൊണ്ട് ഈ മേഖലയിൽ കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്തും. മുതിർന്ന പൗരൻമാരെ പരിപാലിക്കുന്നതിനായി കൂടുതൽ കെയർ ഗിവർ കോഴ്സുകൾ തുടങ്ങും. ഇതിനായി ജർമനി, യു.കെ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള കോഴ്സുകൾ സംയോജിപ്പിച്ച് സിലബസ് തയ്യാറാക്കി കൊണ്ടിരിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളം സ്റ്റാർട്ടപ്പ് നയം പുതുക്കുമെന്ന് മന്ത്രി പി. കെ കുഞ്ഞാലിക്കുട്ടി യോഗത്തിൽ പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്കുള്ള സർക്കാർ പിന്തുണയും ഇൻസെൻറീവും വർധിപ്പിക്കും. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്കുള്ള പ്രവർത്തന മൂലധനം വർധിപ്പിക്കണം, ഗവേഷണ സൗകര്യങ്ങളും പിന്തുണയും മെച്ചപ്പെടുത്തണം. ഭൂമി, വൈദ്യുതി, അടിസ്ഥാനസൗകര്യം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണം, ഫണ്ട് ഓഫ് ഫണ്ടസ് പ്രോഗ്രാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം തുടങ്ങിയ ആവശ്യങ്ങളാണ് യോഗത്തിൽ ഉയർന്നത്. ഉന്നത വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണത്തിന് വിവിധ രാജ്യങ്ങൾ മുന്നോട്ട് വന്നു.

സർക്കാർ ഫണ്ട് വിനിയോഗം അറിയാൻ പൗരന്മാർക്ക് പൂർണ അവകാശം മുഖ്യ വിവരാവകാശ കമ്മീഷണർ

ബത്തേരി: സർക്കാർ ഫണ്ടുകളുടെ വിനിയോഗം എങ്ങനയെന്ന് അറിയാനുള്ള പൂർണ അവകാശം പൗരന്മാർക്കുണ്ടെന്നും അവകാശം വിനിയോഗിക്കാൻ ജനങ്ങൾ തയ്യാറാകണമെന്നും സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ വി. ഹരിനായർ പറഞ്ഞു. ദേശീയ വിവരാവകാശ വാരാചരണത്തിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പൂതാടി അങ്ങാടിശ്ശേരി ഉന്നതിയിലെ എം.പി.സി.യിൽ നടന്ന വിവരാവകാശ ബോധവത്കരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവരാവകാശ നിയമം 2005 പ്രകാരം പൗരന്മാർക്ക് ലഭിക്കുന്ന അവകാശങ്ങളെക്കുറിച്ചും അവ ഫലപ്രദമായി വിനിയോഗിക്കേണ്ട രീതികളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യം. വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾക്ക് സർക്കാർ ഉദ്യോഗസ്ഥർ 30 ദിവസത്തിനകം മറുപടി നൽകണം. മറുപടി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്ന് നിയമ പ്രകാരം പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ടെന്നും അദ്ദേഹം പറഞ്ഞു.



ടി.എസ്.ബി ഫണ്ടുകൾ ശരിയായ രീതിയിലാണോ വിനിയോഗിക്കുന്നതെന്ന് പരിശോധിക്കാൻ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് വിവരാവകാശ കമ്മീഷണർ ഡോ. എം. ശ്രീകുമാർ പറഞ്ഞു. വിവരാവകാശ അപേക്ഷകൾ നിയമം അനുശാസിക്കുന്ന രീതിയിൽ സമർപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കമ്മീഷണർ ഡോ. സോണിച്ചൻ പി. ജോസഫ് വിശദീകരിച്ചു. അപേക്ഷകൾക്ക് നിശ്ചിത സമയത്തിനകം മറുപടി നൽകാതിരുന്നാൽ നിയമപ്രകാരം പ്രതിദിനം 250 രൂപ നിരക്കിൽ പിഴ ചുമത്താൻ വ്യവസ്ഥയുണ്ടെന്ന് കമ്മീഷണർ അഡ്വ. ടി.കെ. രാമകൃഷ്ണൻ പറഞ്ഞു. പ്രമോട്ടർമാരുടെ നിയമനം, തൊഴിൽ, തൊഴിലുറപ്പ് വേതനം, വീടുകളുടെ അറ്റകുറ്റപണി പൂർത്തിയാക്കാതെ കരാറുകാർ പിന്മാറുന്നത് ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ഉന്നതികളിലെ നിവാസികൾ സംശയങ്ങൾ ഉന്നയിച്ചു. പ്രമോട്ടർമാരുടെ നിയമനം നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തേണ്ടതെന്നും സമയബന്ധിതമായി നിയമനം നടത്തിവരുന്നതായും വിവരാവകാശ കമ്മീഷൻ മുൻ ലീഗൽ എക്സ്പെർട്ട് കെ. പ്രസാദ് ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞു.

ഇത്തരം വിഷയങ്ങളിൽ ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളിൽനിന്ന് വിവരാവകാശ നിയമപ്രകാരം തേടാമെന്നും അദ്ദേഹം വ്യക്തമാക്കി. സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ സംവിധാനങ്ങളിൽനിന്ന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിയമപരമായ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കാനും വിവരാവകാശ നിയമത്തിന്റെ പ്രായോഗിക ഉപയോഗങ്ങളെക്കുറിച്ച് അറിയാനും ക്ലാസ് അവസരമൊരുക്കി.

പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.കെ. ബാലകൃഷ്ണൻ അധ്യക്ഷനായ പരിപാടിയിൽ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷ ശോഭന ദേവി, വാർഡ് അംഗങ്ങളായ സുമ രാജു, നിഷിത സുരേന്ദ്രൻ, എം.പി. സുലൈഖ, പി. ബിനിത വിജയൻ, ബോളൻ, അങ്ങാടിശ്ശേരി, തെങ്ങുമുട്, വിജയൻകുന്ന് ഉന്നതി നിവാസികൾ എന്നിവർ പങ്കെടുത്തു.



സൊസൈറ്റി ടുഡേ SOCIETY TODAY



കേരള വാട്ടർ അതോറിറ്റി പെൻഷനേഴ്സ് കോൺഗ്രസ് എറണാകുളം ജില്ലാ സമ്മേളനം ടി ജെ വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുന്നു. എം എൻ. ഗോപാലകൃഷ്ണൻ, എം.എൻ. ശശി, കെ വി പി കൃഷ്ണകുമാർ, പി ഒ ദേവസി, വി. അബ്ദുൾ ബഷീർ, വി.വി. ഗോവിന്ദൻ തുടങ്ങിയവർ സമീപം.

കേരള വാട്ടർ അതോറിറ്റി പെൻഷനേഴ്സ് കോൺഗ്രസ് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു

കൊച്ചി: കേരള വാട്ടർ അതോറിറ്റി പെൻഷനേഴ്സ് കോൺഗ്രസ് എറണാകുളം ജില്ലാ സമ്മേളനം നടന്നു. സംഘടനയുടെ പത്താം വാർഷിക ത്തോടനുബന്ധിച്ച് ജി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം ടി ജെ വിനോദ് എംഎൽഎ ഉദ്ഘാടനം ചെയ്തു. വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുന്ന കാര്യത്തിൽ നിശ്ചയദാർഢ്യത്തോടെ ഗവണ്മെന്റ് മുന്നോട്ടു പോകുമെന്ന് ടി ജെ വിനോദ് പറഞ്ഞു. ജില്ലാ പ്രസിഡണ്ട് പി ഒ ദേവസി അധ്യക്ഷത വഹിച്ചു.

പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക, ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ, പെൻഷൻ അനോമലി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം പരിഹരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. 2019 ജൂലൈ ഒന്നിനുശേഷം വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് സംഘടനയുടെ നേതൃത്വത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ജില്ലാ സെക്രട്ടറി എ.എം. സഗീർ , ഡി സി സി സെക്രട്ടറി കെ വി പി കൃഷ്ണകുമാർ, വി. അബ്ദുൾ ബഷീർ , കെ.ജെ. ആൻഡ്രൂസ്, എം.വി. ചാർളി,വി.വി. ഗോവിന്ദൻ, എം.എൻ. ശശി, പി.ഡി. ശരത്ചന്ദ്രൻ, ടി.ടി. സേവ്യർ, കെ എ സുൾഫിക്കർ, എം എൻ . ഗോപാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന പ്രതിനിധി സമ്മേളനത്തിൽ ജില്ലാ വൈസ് പ്രസിഡന്റ് എം.വി. ബേബി സ്വാഗതം പറഞ്ഞു. ജില്ലാ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും ജില്ലാ ട്രഷറർ വി.കെ. സുരേഷ് ബാബു വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന സംഘടന പെൻഷൻകാരുടെ ക്ഷേമത്തിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി പ്രവർത്തിച്ചുവരികയാണെന്നും സമ്മേളനം വിലയിരുത്തി. 2027 ജനുവരി 9 ന് കണ്ണൂരിൽ സംസ്ഥാന സമ്മേളനം നടക്കും.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ക്യാഷ് അവാർഡ് വിതരണം ചെയ്തു

തിരുവനന്തപുരം: സംസ്ഥാനത്തെ കായിക മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് നിലവിലുള്ള കായിക നിയമങ്ങൾ പൊളിച്ചെഴുതി പുതിയ അത്ലറ്റ് സെൻട്രിക് സ്പോർട്സ് ബിൽ കൊണ്ടുവരുമെന്ന് കായിക വകുപ്പ് മന്ത്രി ഒ. ജെ. ജനീഷ്. സ്പോർട്സ് കൗൺസിലും സ്പോർട്സ് ഡയറക്ടറേറ്റും വെവ്വേറെ സംവിധാനങ്ങളായി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന ഏകോപന പോരായ്മകൾ പരിഹരിച്ച് കായിക രംഗത്തെ കൂടുതൽ പ്രൊഫഷണലൈസ് ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. 2019-20 വർഷത്തിൽ ദേശീയഅന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കുള്ള കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ക്യാഷ് അവാർഡ് വിതരണവും അനുമോദന ചടങ്ങും സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പാരലിമ്പിക്സിൽ ഉൾപ്പെടെ പങ്കെടുക്കുന്ന കായികതാരങ്ങളെയും ജനറൽ വിഭാഗത്തിനൊപ്പം തുല്യമായി പരിഗണിച്ച് സാമ്പത്തിക പാരിതോഷികങ്ങൾ നൽകും. കായികതാരങ്ങൾക്കുള്ള പരിശീലന തുകയും യാത്രാ സഹായവും വർധിപ്പിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസലുകൾ തയ്യാറാക്കിവരികയാണെന്നും കഴിഞ്ഞ ഏഴ് വർഷത്തോളമായി കൊടുക്കാൻ ബാക്കിവെച്ചിരുന്ന കുടിശ്ശിക പാരിതോഷികങ്ങൾ കൊടുത്തുതീർക്കുകയാണ് ഇപ്പോൾ ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. പുതിയ കായിക ബിൽ അവതരിപ്പിച്ച് പാസാക്കുന്നതിന് നവംബർ 30നോ ഡിസംബർ ആദ്യ വാരത്തിലോ പ്രത്യേക നിയമസഭാ സമ്മേളനം ചേരാൻ ആലോചിക്കുന്നതായും മന്ത്രി കൂട്ടിച്ചേർത്തു.



ദേശീയഅന്തർദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ നേടിയ കായിക താരങ്ങളെ ചടങ്ങിൽ ആദരിച്ച് മന്ത്രി ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. പാരാഅത്ലറ്റിക്സ് താരം മുഹമ്മദ് ബാസിൽ, പാരാബാഡ്മിന്റൻ താരം ആൽഫിയ ജെയിംസ്, ചെസ് താരം കല്യാണി സിരിൻ എന്നിവർ പ്രത്യേക ആദരവേറ്റുവാങ്ങി.

പണ്ട് വോളിബോളിലും ഫുട്ബോളിലും മികച്ച ടീമുകൾ ഉണ്ടായിരുന്ന കെഎസ്ആർടിസിയിൽ വീണ്ടും സ്പോർട്സ് ടീമുകൾ പുന:സംഘടിപ്പിച്ച് കായികരംഗത്തെ പ്രതാപം വീണ്ടെടുക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായ ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ പറഞ്ഞു.

വാർഡ് കൗൺസിലർ ആർ. ഹരികുമാർ, കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്ത്, സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി അഖിൽ. വി. മേനോൻ, അഡീ. ഡയറക്ടർ ഡോ. സി.എസ് പ്രദീപ്., അസിസ്റ്റന്റ് സെക്രട്ടറി ബിന്ദുമോൾ തോമസ്, ടെക്നിക്കൽ ഓഫീസർ ഡോ. സി.വി ബിജിലാൽ എന്നിവർ പങ്കെടുത്തു.

കുസാറ്റിൽ നൈപുണ്യവികസന–സംരംഭകത്വ കേന്ദ്രം സ്ഥാപിക്കാൻ ബിപിസിഎൽന്റെ 98 ലക്ഷം രൂപയുടെ പദ്ധതി

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നൈപുണ്യവികസന-സംരംഭകത്വ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി - പദ്ധതിയുടെ ഭാഗമായി 98 ലക്ഷം രൂപ അനുവദിച്ചു.

അക്കാദമിക വിദ്യാഭ്യാസവും വ്യവസായമേഖലയുടെ ആവശ്യങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നതിനായി പ്രായോഗികവും വ്യവസായ കേന്ദ്രീകൃതവുമായ പരിശീലന പരിപാടികൾ കേന്ദ്രം സംഘടിപ്പിക്കും. വിദ്യാർഥികൾ, തൊഴിൽരഹിതരായ യുവജനങ്ങൾ, സ്ത്രീകൾ, സംരംഭകത്വം ആഗ്രഹിക്കുന്നവർ, സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽക്ഷമത, സംരംഭകത്വ നൈപുണ്യം, നവീന ആശയങ്ങൾ, സുസ്ഥിര ഉപജീവനമാർഗങ്ങൾ എന്നിവ വികസിപ്പിക്കുകയാണ് ലക്ഷ്യം.

നൈപുണ്യവികസന പരിപാടികൾ, സംരംഭകത്വ വികസന പദ്ധതികൾ, ശേഷിവർധന ശിൽപ്പശാലകൾ, മെന്ററിങ്, വ്യവസായ കേന്ദ്രീകൃത പരിശീലന പരിപാടികൾ എന്നിവ കേന്ദ്രത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.

പദ്ധതിയുടെ ഭാഗമായി സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കും. ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികളും പരിശീലന സംവിധാനങ്ങളും ഒരുക്കും. ഭിന്നശേഷിക്കാർക്ക് തടസ്സരഹിതമായ പ്രവേശനവും സഞ്ചാരസൗകര്യവും ഉറപ്പാക്കുന്നതിനായി പാസഞ്ചർ ലിഫ്റ്റ് സ്ഥാപിക്കും. പുനരുപയോഗ ഊർജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സോളാർ പാനലുകളും സ്ഥാപിക്കും.

എക്സിക്യൂട്ടീവ് വിദ്യാഭ്യാസം, വ്യവസായ കേന്ദ്രീകൃത പരിശീലനം, സംരംഭകത്വ വികസനം, സാമൂഹിക ഇടപെടൽ തുടങ്ങിയ മേഖലകളിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ പുതിയ സൗകര്യങ്ങൾ സഹായകമാകും. കൂടുതൽ ജനവിഭാഗങ്ങളിലേക്ക്, പ്രത്യേകിച്ച് കുറഞ്ഞ ചെലവിൽ പ്രാപ്യമായ തൊഴിൽകേന്ദ്രീകൃത നൈപുണ്യ പരിശീലനം ആവശ്യമുള്ളവരിലേക്ക്, സ്ഥാപനത്തിന്റെ അക്കാദമിക വൈദഗ്ധ്യവും വിഭവങ്ങളും എത്തിക്കാനും ഇതിലൂടെ സാധിക്കും.

കുസാറ്റ് ഗവേഷകയ്ക്ക് ഇനോസ്റ്റ് നാനോ 2026ൽ മികച്ച പോസ്റ്റർ അവതരണത്തിനുള്ള പുരസ്കാരം



കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മറൈൻ സയൻസസിന് കീഴിലുള്ള കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിലെ ഗവേഷകയും ഡിഎസ്ടി ഇൻസ്പയർ ഫെലോയുമായ സാൻഡ്ര മനോഹരന് ഇനോസ്റ്റ് നാനോ) 2026ൽ മികച്ച പോസ്റ്റർ അവതരണത്തിനുള്ള പുരസ്കാരം. സ്റ്റുഡന്റ്/ഫാക്കൽറ്റി/സയന്റിസ്റ്റ് വിഭാഗത്തിലാണ് പുരസ്കാരത്തിന് ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടത്.

ഹരിയാനയിലെ ഝജ്ജാറിലുള്ള ഗംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റാണ് സമ്മേളനം സംഘടിപ്പിച്ചത്. 'സസ്റ്റെയിനബിൾ മറൈൻ ബയോമാസ്ഡിറൈവ്ഡ് കാർബൺ നാനോഡോട്ട്സ് ഫോർ എൻവയോൺമെന്റൽ സെൻസിങ്' എന്ന വിഷയത്തിലുള്ള ഗവേഷണ പോസ്റ്റർ അവതരണത്തിനാണ് സാന്ദ്രയ്ക്ക് അംഗീകാരം ലഭിച്ചത്.

സംസ്കൃത സർവകലാശാല: ക്രിക്കറ്റ് ടീം സെലക്ഷൻ 27ന്

കൊച്ചി: സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുരുഷടീം രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് നവംബർ 27ന് രാവിലെ 7.30ന് കാലടി മുഖ്യകേന്ദ്രത്തിലുള്ള കായിക പഠനവിഭാഗത്തിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. 2026 ജൂലൈ ഒന്നിന് 25 വയസ്സ് തികയാത്ത വിദ്യാർത്ഥികൾ എസ്.എസ്.എൽസി. സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സർവ്വകലാശാല ഐ!ഡന്റിറ്റി കാർ!!ഡ് എന്നിവ സഹിതം കായിക വിഭാഗത്തിൽ എത്തിച്ചേരണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ പരീക്ഷ മാർച്ച് രണ്ട് മുതൽ

തിരുവനന്തപുരം: 2027 ലെ ഒന്നും രണ്ടും വർഷ ഹയർ സെക്കൻഡറി പൊതു പരീക്ഷ മാർച്ച് രണ്ട് മുതൽ മാർച്ച് 30 വരെ നടക്കും. മാർച്ച് 12, മാർച്ച് 30 തീയതികളിൽ ഉച്ചക്ക് 2 മണിക്കും മറ്റുള്ള ദിവസങ്ങളിൽ രാവിലെ 9.30 നുമാണ് പരീക്ഷ ആരംഭിക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കൻഡറി, കേരള കലാമണ്ഡലം പൊതുപരീക്ഷകളും ഇതോടൊപ്പം നടക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രണ്ടാം വർഷ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ പ്രായോഗിക പരീക്ഷകൾ 2027 ജനുവരി 25ന് ആരംഭിക്കും. രണ്ടാം വർഷ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ വൊക്കേഷണൽ വിഷയങ്ങളുടെ പ്രായോഗിക പരീക്ഷകൾ 2027 ജനുവരി 15ന് ആരംഭിക്കും.

ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ പൊതു പരീക്ഷകൾക്ക് മുന്നോടിയായിട്ടുള്ള മാതൃകാ പരീക്ഷകൾ 2027 ഫെബ്രുവരി 11 മുതൽ 24 വരെയുള്ള ദിവസങ്ങളിലായാണ് നിശ്ചയിച്ചിട്ടുള്ളത്.

ഫൈനില്ലാതെ ഫീസ് ഒടുക്കേണ്ട അവസാന തീയതിനവംബർ 23. 20 രൂപ ഫൈനോടെ ഫീസ് ഒടുക്കേണ്ട അവസാന തീയതി നവംബർ 25. 20 രൂപ ഫൈൻ കൂടാതെ ഓരോ ദിവസവും 5 രൂപ ഫൈനോടെ ഫീസ് ഒടുക്കേണ്ട അവസാന തീയതിനവംബർ 27. 600 രൂപ സൂപ്പർ ഫൈനോടെ ഫീസ് ഒടുക്കേണ്ട അവസാന തീയതി ഡിസംബർ 2.

ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ പരീക്ഷകൾ ഏകദേശം 9 ലക്ഷം വിദ്യാർത്ഥികളാണ് എഴുതുന്നത്. 2027 ലെ ഒന്നും രണ്ടും വർഷ ഹയർ സെക്കൻഡറി പരീക്ഷകൾക്കായി കേരളം, ഗൾഫ്, ലക്ഷദ്വീപ് എന്നിവിടങ്ങളിലെയും ചേർത്ത് 2000 ത്തോളം പരീക്ഷ കേന്ദ്രങ്ങൾ ഉണ്ടാകും. വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ പരീക്ഷകൾ ഏകദേശം 53,000 (അൻപത്തി മൂവായിരം) വിദ്യാർത്ഥികളാണ് 389 കേന്ദ്രങ്ങളിലായി പരീക്ഷ എഴുതുന്നത്.

മൂല്യനിർണ്ണയം 2027 ഏപ്രിൽ 5ന് ആരംഭിച്ച്, മെയ് 15 ഓടുകൂടി ഫലപ്രഖ്യാപനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം പാദവാർഷിക പരീക്ഷ (ക്രിസ്തുമസ് പരീക്ഷ) ഡിസംബർ 8 മുതൽ 17 വരെ തീയതികളിലായി നടത്തുമെന്നും മന്ത്രി അറിയിച്ചു.



സൗജന്യ കൃത്രിമ അവയവ വിതരണ ക്യാമ്പിന് തുടക്കം

കൊച്ചി: ഡിപി വേൾഡ്, റോട്ടറി ക്ലബ് ഓഫ് ട്രിവാൻഡ്രം സെൻട്രൽ, ഭഗവാൻ മഹാവീർ വിക്ലാംഗ് സഹായത സമിതി (ബിഎംവിഎസ്എസ്ജയ്പൂർ ഫൂട്ട്) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നാല് ദിവസത്തെ സൗജന്യ കൃത്രിമ അവയവ വിതരണ ക്യാമ്പിന് തിരുവനന്തപുരത്ത് തുടക്കമായി.

മുഖ്യമന്ത്രി വി.ഡി. സതീശൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ക്യാമ്പിലൂടെ കേരളത്തിലും കന്യാകുമാരിയിലുമുള്ള ശാരീരിക ചലന പരിമിതികളുള്ള 400 പേർക്ക് കൃത്രിമ അവയവങ്ങളും സഹായ ഉപകരണങ്ങളും സൗജന്യമായി നൽകും.

ഡിപി വേൾഡിന്റെ സിഎസ്ആർ പിന്തുണയോടെ സംഘടിപ്പിക്കുന്ന ക്യാമ്പിൽ, റോട്ടറി ക്ലബ് പ്രാദേശിക ഏകോപനവും ജയ്പൂർ ഫൂട്ട് ഉപകരണങ്ങളുടെ അളവെടുപ്പ്, നിർമ്മാണം, ഘടിപ്പിക്കൽ എന്നിവയ്ക്കുള്ള സാങ്കേതിക സഹായവും ഉറപ്പാക്കും.

കൊച്ചി വല്ലാർപാടത്തെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലും കേരളത്തിലെ ആദ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോണും പ്രവർത്തിപ്പിക്കുന്ന ഡിപി വേൾഡ്, ഇതിനോടകം രാജ്യത്തെ വിവിധ നഗരങ്ങളിൽ നടത്തിയ ക്യാമ്പുകളിലൂടെ ആയിരക്കണക്കിന് ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ സയൻസ് പാർക്ക് ഭാവിയിലേക്കുള്ള സുപ്രധാന നിക്ഷേപം: മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: ടെക്നോപാർക്ക് ഫേസ് ഫോറിൽ നിർമിക്കുന്ന ഡിജിറ്റൽ സയൻസ് പാർക്ക് സംസ്ഥാനത്തിന്റെ ഭാവിയിലേക്കുള്ള സുപ്രധാന നിക്ഷേപമാകുമെന്ന് ഐടി വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി. ഡിജിറ്റൽ സയൻസ് പാർക്ക് നിർമാണോദ്ഘാടനം ടെക്നോപാർക്ക് ഫേസ് വൺ സിഡാക് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരളത്തിന്റെ സാങ്കേതിക രംഗത്തെ പ്രധാന നാഴികക്കല്ലാണ് ഡിജിറ്റൽ സയൻസ് പാർക്ക്. ഐ.ടി. രംഗത്ത് മുൻനിരയിലുള്ള സംസ്ഥാനമാണ് കേരളം. രാജ്യത്തെ ആദ്യ ടെക്നോപാർക്ക് കേരളത്തിലാണ് സ്ഥാപിച്ചത്. തുടർന്ന് കൊച്ചിയിൽ ഇൻഫോപാർക്കും കോഴിക്കോട്ട് സൈബർപാർക്കും വന്നു. വിദ്യാഭ്യാസം, ശാസ്ത്രം, സാങ്കേതികവിദ്യ, മാനവവിഭവശേഷി എന്നിവയിലെല്ലാം കേരളത്തിന് വലിയ കരുത്തുണ്ട്. പ്രത്യേക സ്റ്റാർട്ടപ്പ് നയം കൊണ്ടുവന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 10,000 ത്തിലധികം സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് ഇന്നുണ്ട്. സാങ്കേതികവിദ്യ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനപ്പുറം പുതിയ സാങ്കേതികവിദ്യകൾ സൃഷ്ടിക്കുന്ന ഘട്ടത്തിലേക്ക് കേരളം കടന്നു. സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ, വ്യവസായങ്ങൾ എന്നിവയ്ക്ക് ഒരുമിച്ച് പ്രവർത്തിക്കാനാകുന്ന പൊതുവേദിയാണ് ഡിജിറ്റൽ സയൻസ് പാർക്കിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി.



ടെക്നോപാർക്ക് ഫേസ് ഫോറിൽ 13.59 ഏക്കർ സ്ഥലത്താണ് ഡിജിറ്റൽ സയൻസ് പാർക്ക് യാഥാർഥ്യമാകുന്നത്. 1,515 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഗവേഷണം, സാങ്കേതികവിദ്യ, വ്യവസായം, സംരംഭകത്വം എന്നിവയെ ഒരുമിപ്പിക്കുന്ന കേന്ദ്രമായാണ് പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. അത്യാധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകളിലൂടെ ഗവേഷണത്തിനും വികസനത്തിനുമായി ലോകോത്തര സൗകര്യങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം. പദ്ധതിയുടെ അക്കാദമിക സാങ്കേതിക മേൽനോട്ടം ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള വഹിക്കും. കിൻഫ്രയ്ക്കാണ് നിർവഹണ ചുമതല. ഡിജിറ്റൽ ഗവേഷണത്തിന്റെയും നവീകരണത്തിന്റെയും ആഗോള കേന്ദ്രമായി കേരളത്തെ വളർത്തുക എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് ഡിജിറ്റൽ സയൻസ് പാർക്കിലൂടെ യാഥാർത്ഥ്യമാകുന്നത്.വി മുരളീധരൻ എംഎൽഎ, ഐടി വകുപ്പ് സ്പെഷ്യൻ സെക്രട്ടറി എസ് സുഹാസ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള വൈസ് ചാൻസലർ സജി ഗോപിനാഥ്, നഗരസഭാഗം സുനിൽകുമാർ, കിറ്റ്ഫ്ര മാനേജിംഗ് ഡയറക്ടർ സ്നേഹിൽ കുമാർ, ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹരിശങ്കർ രാധാകൃഷ്ണൻ, ഐഐഐടിഎംകെ ഡയറക്ടർ അലക്സ് ജയിംസ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള രജിസ്ട്രാർ മുജീബ് എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



എൻ.എസ്.ഇയിൽ ദീപാവലി ആഘോഷവും മുഹൂർത്ത വ്യാപാരവും

കൊച്ചി: ദീപാവലി ആഘോഷങ്ങളുടെയും മുഹൂർത്ത വ്യാപാരത്തിന്റെയും ഭാഗമായി ദേശീയ ഓഹരി വിപണിയിൽ(എൻ.എസ്.ഇ.) പ്രത്യേക ചടങ്ങുകൾ സംഘടിപ്പിച്ചു. എൻ.എസ്.ഇ. എംഡിയും സിഇഒയുമായ ആശിഷ് കുമാർ ചൗഹാൻ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

പരമ്പരാഗത ലക്ഷ്മി പൂജയിലും വ്യാപാര ആരംഭം കുറിച്ചുകൊണ്ടുള്ള മണി മുഴക്കൽ ചടങ്ങിലും ചലച്ചിത്ര താരങ്ങളായ പൂനം ധില്ലൺ, പത്മിനി കോലാപുരെ, ഷീബ അഗർവാൾ, പ്രമുഖ ചലച്ചിത്രകാരൻ ഭരത്ബാല, ശ്രീ രാം ലാൽ, സ്വാമി വിജ്ഞാനന്ദ ജി എന്നിവർ വിശിഷ്ടാതിഥികളായി ചടങ്ങിൽ സംബന്ധിച്ചു.

ഭാരതീയ സാംസ്കാരിക പാരമ്പര്യവും സാമ്പത്തിക വളർച്ചയും ഒത്തുചേരുന്ന വേളയിൽ നിക്ഷേപകർക്ക് ഏവരും സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പുതുവർഷം ആശംസിച്ചു.



പാൽ ഗുണ നിലവാരം ഉറപ്പാക്കാൻ പാലിലെ അഫ്ലാടോക്സിൻ, ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ നിയന്ത്രിക്കാനുള്ള പരിശീലന പരിപാടി നടത്തി

കൊച്ചി: പാലിലെ അഫ്ലാടോക്സിൻ, ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ എന്നിവയുടെ സാന്നിധ്യം നിയന്ത്രിക്കുന്നതിനും പാലിന്റെ ഗുണനിലവാരവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിനുമായി പരിശീലന പരിപാടി സംഘടിപ്പിച്ചു.

മിൽമ എറണാകുളം മേഖലാ യൂണിയൻ, ദേശീയ ക്ഷീര വികസന ബോർഡ്, സംസ്ഥാന ക്ഷീരവികസന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കളമശ്ശേരി സെന്റ് ജോസഫ് ചർച്ച് ഹാളിൽ നടന്ന പരിപാടി ക്ഷീരവികസന വകുപ്പ് സെക്രട്ടറി ഷീബ ജോർജ് ഐഎഎസ് ഉദ്ഘാടനം ചെയ്തു. മിൽമ എറണാകുളം മേഖല യൂണിയൻ ചെയർമാൻ സി എൻ വത്സലൻ പിള്ള അധ്യക്ഷത വഹിച്ചു ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, മിൽമ മാനേജിംഗ് ഡയറക്ടർ വിൽസൺ ജെ പുറവക്കാട്, ദേശീയ ക്ഷീര വികസന ബോർഡ് ജനറൽ മാനേജർ ഡോ ഹരികുമാർ തുടങ്ങിയവർ സംസാരിച്ചു. മേഖല യൂണിയൻ ഭരണസമിതി അംഗങ്ങൾ, ക്ഷീരവികസന വകുപ്പ് ജില്ലാ ഓഫീസർമാർ എന്നിവർ പങ്കെടുത്തു

പാലിന്റെ മൂല്യശൃംഖലയിലെ വെല്ലുവിളികൾ, പാലിലെ ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ, അഫ്ലാടോക്സിൻ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു. ഇവയുടെ സാന്നിധ്യം കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള വിവിധ മാർഗങ്ങളും പരിശീലനത്തിൽ വിശദീകരിച്ചു. എറണാകുളം, തൃശ്ശൂർ, ഇടുക്കി, കോട്ടയം ജില്ലകളിലെ ക്ഷീരവികസന വകുപ്പ്, മിൽമ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരും ക്ഷീരകർഷകരും പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ഐഡിബിഐ ബാങ്കിന്റെ ഇന്നോവേറ്റ് 2026 ഹാക്കത്തോൺ സമാപിച്ചു

കൊച്ചി: ബാങ്കിങ് മേഖലയിലെ ഡിജിറ്റൽ പരിവർത്തനവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഐഡിബിഐ ബാങ്ക് സംഘടിപ്പിച്ച 'ഇന്നോവേറ്റ് 2026' ഹാക്കത്തോണിന്റെ ഗ്രാൻഡ് ഫിനാലെ സമാപിച്ചു.

ബിൽഡ്. ഇന്റഗ്രേറ്റ്. ട്രാൻസ്ഫോം എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ബാങ്കിങ് മേഖലയിലെ വെല്ലുവിളികൾക്ക് സുരക്ഷിതവും ഉപഭോക്തൃസൗഹൃദവുമായ സാങ്കേതിക പരിഹാരങ്ങൾ അവതരിപ്പിക്കാൻ സ്റ്റാർട്ടപ്പുകൾക്കും ഫിൻടെക് സ്ഥാപനങ്ങൾക്കും അവസരം നൽകി. വിവിധ ഘട്ടങ്ങളിലെ വിലയിരുത്തലുകൾക്കുശേഷം നവംബർ മൂന്നിന് നടന്ന ഫിനാലെയിൽ വിജയികൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു.

നൂതന സാങ്കേതികവിദ്യകളിലൂടെ ഉപഭോക്തൃസേവനവും പ്രവർത്തനക്ഷമതയും മെച്ചപ്പെടുത്തുന്നതിനൊപ്പം ഡിജിറ്റൽ ബാങ്കിങ് ശക്തിപ്പെടുത്തുകയാണ് സംരംഭത്തിന്റെ ലക്ഷ്യമെന്ന് ബാങ്ക് എംഡിയും സിഇഒയുമായ രാകേഷ് ശർമ പറഞ്ഞു.

പ്രൈം വോളിബോൾ ലീഗ് സീസൺ 5: അന്താരാഷ്ട്ര താരങ്ങളുടെ എണ്ണം കൂടി

അഹമ്മദാബാദ്: നവംബർ 30 മുതൽ ഡിസംബർ 23 വരെ അഹമ്മദാബാദിൽ നടക്കുന്ന പ്രൈം വോളിബോൾ ലീഗ് സീസൺ 5ന്റെ അന്താരാഷ്ട്ര താരനിരയെ ടോക്കിയോ ഒളിമ്പിക്സ് വെങ്കല മെഡൽ ജേതാവ് ഹെർണാൻ ഫെഡറിക്കോ പെരേരയും മറ്റു മൂന്ന് ഒളിമ്പ്യന്മാരും നയിക്കും. ഏഷ്യ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലെ വിവിധ രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന 29 അന്താരാഷ്ട്ര താരങ്ങൾ മത്സരത്തിന് ആഗോള പരിചയസമ്പത്തും കരുത്തും പകരും. ഫെഡറേഷൻ ഇന്റർനാഷണൽ ഡി വോളിബോളിന്റെ അംഗീകാരമുള്ള ഇന്ത്യയിലെ ഒന്നാം ഡിവിഷൻ പ്രൊഫഷണൽ വോളിബോൾ ലീഗായ പി.വി.എൽ, ആദ്യമായി ഒരു ടീമിൽ മൂന്ന് അന്താരാഷ്ട്ര താരങ്ങളെ വരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ സീസണിൽ തങ്ങളുടെ വളർച്ചയിലെ മറ്റൊരു സുപ്രധാന ചുവടുവെയ്പ്പാണ് നടത്തുന്നത്.



ടോക്കിയോ 2020 ഒളിമ്പിക് ഗെയിംസിൽ വെങ്കലം നേടുകയും ലണ്ടൻ 2012ൽ മത്സരിക്കുകയും ചെയ്ത അർജന്റീനിയൻ യൂണിവേഴ്സൽ താരം പെരേര, ഡൊമിനിക്കൻ റിപ്പബ്ലിക് അറ്റാക്കർ ഹെക്ടർ അലക്സിസ് ക്രൂസ് സെപിൻ, ബ്രസീലിയൻ അറ്റാക്കർ ഹെൻറിക് ഫെരേര മെയ്റെലെസ് ഗിമാരസ് എന്നിവർക്കൊപ്പം തെലുങ്ക് ബ്ലാക്ക് ഹോക്സിനെ പ്രതിനിധീകരിക്കും.

റിയോ 2016ലും ടോക്കിയോ 2020ലും മത്സരിച്ച കനേഡിയൻ ഒളിമ്പ്യൻ സ്റ്റീവൻ ജെയിംസ് ഡഗ്ലസ് മാർഷൽ, പാരീസ് 2024ൽ കാനഡയെ പ്രതിനിധീകരിച്ച സെറ്റർ ബ്രെറ്റ് ജെയിംസ് വാൽഷ് എന്നിവർ കാലിക്കറ്റ് ഹീറോസ് നിരയിലുണ്ട്. ക്യൂബൻ യൂണിവേഴ്സൽ താരം ബ്രയാൻ ഫ്രാൻസിസ്കോ വാലെ ഗാർസിയ കൂടി ചേരുന്നതോടെ അവരുടെ അന്താരാഷ്ട്ര താരനിര പൂർത്തിയാകും. സെർബിയൻ സെറ്റർ മാർക്കോ കോസ്റ്റോവിച്ച്, ജർമ്മൻ യൂണിവേഴ്സൽ ക്രിസ്റ്റോഫ് മാർക്സ് എന്നിവർ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെ പ്രതിനിധീകരിക്കും.

പാരീസ് 2024 ഒളിമ്പിക്സിൽ മത്സരിച്ച ഈജിപ്ഷ്യൻ യൂണിവേഴ്സൽ താരവും ഈജിപ്ത് ദേശീയ വോളിബോൾ ടീം ക്യാപ്റ്റനുമായ റെഡ ഇബ്രാഹിം അബ്ദുൽനബി അഫീഫി ഹൈക്കൽ ഗോവ ഗാർഡിയൻസിനെ പ്രതിനിധീകരിക്കും. സീസൺ 4ൽ കിരീടം നേടിയ ടീമിലുണ്ടായിരുന്ന അമേരിക്കൻ സെറ്റർ മാത്യു എ വെസ്റ്റിനെ ബെംഗളൂരു ടോർപ്പിഡോസ് നിലനിർത്തി.

ആദ്യമായി ഒരു ടീമിൽ മൂന്ന് അന്താരാഷ്ട്ര താരങ്ങളെ ഉൾപ്പെടുത്തുന്നത് മത്സരം ശക്തിപ്പെടുത്തുന്നതിനുള്ള ഞങ്ങളുടെ യാത്രയിലെ മറ്റൊരു പ്രധാന ചുവടുവെയ്പ്പാണെന്ന് പ്രൈം വോളിബോൾ ലീഗ് സി.ഇ.ഒ ജോയ് ഭട്ടാചാര്യ പറഞ്ഞു.

നവംബർ 30ന് അഹമ്മദാബാദിലെ വീർ സവർക്കർ സ്പോർട്സ് കോംപ്ലക്സിൽ പ്രൈം വോളിബോൾ ലീഗ് സീസൺ 5ന് തുടക്കമാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

സ്വർണവായ്പ മേഖലയുടെ വികസനം ലക്ഷ്യം; ഗോൾഡ് സമ്മിറ്റ് നവംബർ 17ന് കൊച്ചിയിൽ

കൊച്ചി: സ്വർണവായ്പ മേഖലയുടെ ഭാവി രൂപരേഖ തയ്യാറാക്കുന്നതിനും സാമ്പത്തിക ആസ്തിയെന്ന നിലയിൽ സ്വർണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി ഫെഡറേഷൻ ഓഫ് ഗോൾഡ് ലോൺ കമ്പനീസ് സംഘടിപ്പിക്കുന്ന ആദ്യ ഗോൾഡ് ഉച്ചകോടി നവംബർ 17ന് കൊച്ചിയിൽ നടക്കും.

ഭരണനിർവഹണം, നിയമാനുസൃത പ്രവർത്തനം, സുസ്ഥിര ബിസിനസ് രീതികൾ എന്നിവയ്ക്ക് മുൻഗണന നൽകി കൂടുതൽ കാര്യക്ഷമതയോടും ഉത്തരവാദിത്തത്തോടും പ്രവർത്തിക്കാൻ സ്വർണവായ്പ സ്ഥാപനങ്ങളെ സജ്ജമാക്കുകയാണ് ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം, സ്വർണവായ്പ മേഖലയെ ശക്തിപ്പെടുത്താനും ഈ രംഗം നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള വഴികളും ഉച്ചകോടി ചർച്ച ചെയ്യും.

പുതിയ വിപണി അവസരങ്ങൾ, സാങ്കേതിക മുന്നേറ്റങ്ങൾ, സുതാര്യത, സ്വർണവായ്പ സേവനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവയ്ക്കും ചർച്ചകളിൽ ഊന്നൽ നൽകും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്വർണവായ്പ സ്ഥാപനങ്ങളുടെയും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെയും (എൻബിഎഫ്സി) പ്രതിനിധികൾ, വ്യവസായ പ്രമുഖർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും. മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ അലക്സാണ്ടർ ജോർജ് മുത്തൂറ്റ്, മുത്തൂറ്റ് ഫിൻകോർപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ തോമസ് ജോൺ മുത്തൂറ്റ്, മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ വി.പി. നന്ദകുമാർ തുടങ്ങിയ വ്യവസായ പ്രമുഖരുടെ പങ്കാളിത്തം ഉച്ചകോടിയെ ദേശീയതലത്തിൽ ശ്രദ്ധേയമാക്കും. വിനോദ് കോത്താരി ആൻഡ് കൺസൾട്ടന്റ്സ് സ്ഥാപകൻ വിനോദ് കോത്താരി, ക്രിസിൽ, ക്രിഫ്, ഗൂഗിൾ, വോഡഫോൺ ഐഡിയ തുടങ്ങിയ മുൻനിര സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ നയിക്കുന്ന സാങ്കേതിക സെഷനുകളും നടക്കും.

ഉച്ചകോടിയിൽ അവതരിപ്പിക്കുന്ന പഠന റിപ്പോർട്ടുകളും കണക്കുകളും മേഖലയിലെ പൊതുവായ ആശങ്കകൾ തിരിച്ചറിയാനും മുൻഗണനാ വിഷയങ്ങൾ നിശ്ചയിക്കാനും സഹായിക്കും. സ്വർണവായ്പ മേഖലയെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് പൊതുവായ നയങ്ങൾ രൂപീകരിക്കാൻ ഉച്ചകോടി അവസരമൊരുക്കും. ഇതുവഴി ഭരണസംവിധാനങ്ങൾക്ക് മുന്നിൽ ഏകീകൃത നിലപാട് വ്യക്തമാക്കാനും ഫെഡറേഷന് സാധിക്കും.



ആറ് യുവ ഗവേഷകർക്ക് ഇൻഫോസിസ് പ്രൈസ് 2026 പുരസ്കാരം

കൊച്ചി: ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ (ഐ.എസ്.എഫ്) ഏർപ്പെടുത്തിയ ഇൻഫോസിസ് പ്രൈസ് 2026 പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഗവേഷണ രംഗത്തെ വളർന്നുവരുന്ന ആറ് പ്രതിഭകളെയാണ് ഇത്തവണ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഇക്കണോമിക്സ് ആൻഡ് പബ്ലിക് അഫയേഴ്സ് അസോസിയേറ്റ് പ്രൊഫസർ കാർത്തിക് ശാസ്ത്രി (സാമ്പത്തിക ശാസ്ത്രം), കാർണഗി മെലോൺ യൂണിവേഴ്സിറ്റിയിലെ ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എൻജിനീയറിങ് അസിസ്റ്റന്റ് പ്രൊഫസർ സ്വരുൺ കുമാർ (എൻജിനീയറിങ് ആൻഡ് കമ്പ്യൂട്ടർ സയൻസ്), ജിൻഡാൽ ഗ്ലോബൽ ലോ സ്കൂളിലെ അഡ്ജങ്ക്റ്റ് പ്രൊഫസറും സിഡ്നിയിലെ യൂണിവേഴ്സിറ്റി ഓഫ് ന്യൂ സൗത്ത് വെയിൽസിലെ ഗ്രീൻ ഫെല്ലോയുമായ ഗൗതം ഭാട്ടിയ (ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ്), ഗ്ലാഡ്സ്റ്റോൺ ഇൻസ്റ്റിറ്റ്യൂട്ടിലെ അസോസിയേറ്റ് ഇൻവെസ്റ്റിഗേറ്ററും സാൻ ഫ്രാൻസിസ്കോയിലെ കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ബയോകെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഇഷാ ജെയിൻ (ലൈഫ് സയൻസസ്), ബാംഗ്ലൂരിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിന്റെ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസസിലെ (ഐ.സി.ടി.എസ് ടി.ഐ.എഫ്.ആർ) അസോസിയേറ്റ് പ്രൊഫസർ ഋദ്ധിപ്രതിം ബസു (മാത്തമാറ്റിക്കൽ സയൻസസ്), സിംഗപ്പൂർ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് ഡിസൈനിലെ പരീക്ഷണാത്മക ഭൗതികശാസ്ത്രജ്ഞനും അസിസ്റ്റന്റ് പ്രൊഫസറുമായ മനോജ് കുമാർ ജോഷി (ഫിസിക്കൽ സയൻസസ്) എന്നിവരാണ് ഈ വർഷത്തെ പുരസ്കാര ജേതാക്കൾ.

40 വയസിന് താഴെയുള്ള യുവ ഗവേഷകരെ ആദരിക്കുന്ന ഈ പുരസ്കാരത്തിൽ സ്വർണ മെഡലും പ്രശസ്തിപത്രവും 100,000 യു.എസ്. ഡോളറുമാണ് സമ്മാനമായി നൽകുന്നത്. ഐ.എസ്.എഫ് ട്രസ്റ്റിമാരായ ശ്രീനാഥ് ബട്നി, കെ. ദിനേഷ്, ക്രിസ് ഗോപാലകൃഷ്ണൻ, ഡോ. പ്രതിമ മൂർത്തി, എസ്.ഡി ഷിബുലാൽ എന്നിവരാണ് വിജയികളെ പ്രഖ്യാപിച്ചത്. കാലാവസ്ഥാ വ്യതിയാനവും സാങ്കേതിക നവീകരണവും, ലോപവർ വയർലെസ് നെറ്റ്വർക്കുകൾ, ഭരണഘടനാ നിയമ പഠനങ്ങൾ, ഓക്സിജൻ ബയോളജിയും മൈറ്റോകോൺഡ്രിയൽ രോഗചികിത്സയും, പ്രോബബിലിറ്റി തിയറി, ട്രാപ്പ്ഡ് അയോണുകൾ ഉപയോഗിച്ചുള്ള ക്വാണ്ടം സിമുലേഷൻ എന്നീ മേഖലകളിലെ നിർണ്ണായക സംഭാവനകൾക്കാണ് ഇവർ ആദരിക്കപ്പെടുന്നത്. അസാധാരണ പ്രതിഭകളെ കരിയറിന്റെ ആദ്യ ഘട്ടത്തിൽ തന്നെ തിരിച്ചറിയുന്നത് പുതിയ കണ്ടുപിടുത്തങ്ങൾക്കും ഗവേഷണ സംസ്കാരം വളർത്തുന്നതിനും അത്യന്താപേക്ഷിതമാണെന്ന് ഐ.എസ്.എഫ് പ്രസിഡന്റ് ശ്രീനാഥ് ബട്നി പറഞ്ഞു.

മുതിർന്ന പൗരന്മാർക്കുള്ള പലിശനിരക്ക് ഉയർത്തി ഫെഡറൽ ബാങ്ക്

കൊച്ചി: മുതിർന്ന പൗരന്മാരുടെ സ്ഥിരനിക്ഷേപങ്ങൾക്കുള്ള അധിക പലിശനിരക്കിൽ വർദ്ധനവ് വരുത്തി ഫെഡറൽ ബാങ്ക്. നിലവിൽ ലഭിക്കുന്ന 0.50 ശതമാനത്തിനു പകരം 0.60 ശതമാനം പലിശയാണ് സ്ഥിരനിക്ഷേപങ്ങൾക്ക് ഇനി മുതൽ അധികമായി ലഭിക്കുക. ഇതോടെ മുതിർന്ന പൗരന്മാർക്കുള്ള സ്ഥിര നിക്ഷേപ പലിശനിരക്ക് 7.50 ശതമാനം വരെയായി ഉയർന്നു. 18 മാസം, രണ്ട് വർഷം മുതൽ മൂന്ന് വർഷത്തിൽ താഴെയുമുള്ള കാലാവധികളിലെ സ്ഥിരനിക്ഷേപങ്ങളുടെ പലിശനിരക്കും വർധിപ്പിച്ചിട്ടുണ്ട്.

കാലാവധിക്ക് മുൻപ് പിൻവലിക്കാൻ സൗകര്യമുള്ള നിക്ഷേപങ്ങൾക്ക് മേൽപ്പറഞ്ഞ കാലയളവിൽ 7.40 ശതമാനം പലിശ ലഭിക്കും. ഇതേ കാലയളവിൽ, ഒരു കോടി രൂപയിൽ കൂടുതലുള്ള, കാലാവധിക്ക് മുൻപ് പിൻവലിക്കാൻ സൗകര്യമില്ലാത്ത നിക്ഷേപങ്ങൾക്ക് 7.50 ശതമാനം പലിശ ലഭിക്കും. 35 മാസത്തേക്കുള്ള ഇത്തരം നിക്ഷേപങ്ങളുടെ ഫലപ്രദ വാർഷിക ആദായം യഥാക്രമം 8.18 ശതമാനവും 8.30 ശതമാനവുമാണ്. ഈ കാലാവധിയിലുള്ള സ്ഥിര നിക്ഷേപ പദ്ധതികൾക്ക് മുതിർന്ന പൗരന്മാർ അല്ലാത്ത പൊതുജനങ്ങൾക്കും (എൻആർഇ/എൻആർഒ നിക്ഷേപങ്ങൾ ഉൾപ്പെടെ) യഥാക്രമം 6.80 ശതമാനവും 6.90 ശതമാനവും വാർഷിക പലിശ ലഭ്യമാണ്.

പുതുക്കിയ നിരക്കുകൾ നവംബർ 12 മുതൽ പ്രാബല്യത്തിലായി. ?3 കോടിയിൽ താഴെയുള്ള ഒറ്റത്തവണ സ്ഥിര നിക്ഷേപങ്ങൾക്കാണ് ഈ നിരക്കുകൾ ബാധകം.

ഇടപാടുകാർക്ക്, പ്രത്യേകിച്ച് സുരക്ഷിതവും മികച്ച ആദായം നൽകുന്നതുമായ സ്ഥിരനിക്ഷേപ അവസരങ്ങൾ തേടുന്ന മുതിർന്ന പൗരന്മാർക്ക്, കൂടുതൽ മൂല്യം നൽകാനുള്ള ബാങ്കിന്റെ പ്രതിബദ്ധതയാണ് പുതുക്കിയ പലിശ നിരക്കുകൾ വ്യക്തമാക്കുന്നതെന്ന് ബാങ്കിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും റീട്ടെയ്ൽ ലയബിലിറ്റി & ഫീ പ്രോഡക്ട് കൺട്രി ഹെഡുമായ ജോയ് പി വി പറഞ്ഞു. ഉറപ്പുള്ള ആദായവും കാലാവധിക്കു മുമ്പ് പണം പിൻവലിക്കാനുള്ള സൗകര്യവും ഒരുപോലെ ലഭിക്കുന്നതിനാൽ, സുരക്ഷയും പണലഭ്യതയും മികച്ച വരുമാനവും ആഗ്രഹിക്കുന്നവർക്ക് ഈ നിക്ഷേപങ്ങൾ മികച്ച സമ്പാദ്യ മാർഗമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫെഡറൽ ബാങ്ക് ശാഖകളിൽ നിന്ന് നേരിട്ടും ഡിജിറ്റൽ സൗകര്യങ്ങൾ മുഖേനയും ഇടപടുകാർക്ക് സ്ഥിരനിക്ഷേപം തുടങ്ങാം.

പ്രമേഹ പ്രതിരോധം തീൻമേശയിൽ നിന്ന് തുടങ്ങണമെന്ന് വിദഗ്ധർ



കൊച്ചി: പ്രമേഹം നേരത്തെ തിരിച്ചറിയുന്നതിനും അപകടസാധ്യത കുറയ്ക്കുന്നതിനും മുൻഗണന നൽകിക്കൊണ്ട് നവംബർ 14ന് ലോക പ്രമേഹ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി കാമ്പയിൻ പ്രഖ്യാപിച്ച് അൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ (എബിസി). ഇന്ത്യയിൽ ഏകദേശം 101 ദശലക്ഷം പ്രമേഹബാധിതരും, 136 ദശലക്ഷം പ്രീഡയബറ്റിക് അവസ്ഥയിൽ ഉള്ളവരുമുണ്ടെന്ന് ഐസിഎംആർ പഠനം വ്യക്തമാക്കുന്നു. സംസ്കരിച്ച ഭക്ഷണങ്ങളുടെയും പഞ്ചസാരയുടെയും അമിത ഉപയോഗം ഈ വെല്ലുവിളി വർദ്ധിപ്പിക്കുമ്പോൾ, പ്രാരംഭഘട്ട മുൻകരുതലുകൾ അത്യന്താപേക്ഷിതമായി മാറിയിരിക്കുകയാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിൽ കാലിഫോർണിയ ബദാം പോലുള്ള നട്സുകൾ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ഫലപ്രദമായ പ്രതിവിധിയാണെന്ന് ക്യാമ്പയിനിൽ സംസാരിച്ച വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. പ്രോട്ടീൻ (6 ഗ്രാം), നാരുകൾ (3 ഗ്രാം) എന്നിവയാൽ സമ്പുഷ്ടമായ ബദാം ശരീരത്തിന് ആവശ്യമായ മികച്ച പോഷണം നൽകുന്നു. പയറുവർഗങ്ങൾ, ധാന്യങ്ങൾ, പച്ചിലക്കറികൾ എന്നിവയ്ക്കൊപ്പം ബദാം പതിവായി കഴിക്കുന്നത് ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്താൻ സഹായിക്കുമെന്ന് ഡൽഹി മാക്സ് ഹെൽത്ത്കെയറിലെ ഡയറ്റെറ്റിക്സ് റീജിയണൽ ഹെഡ് റിതിക സമദ്ദാർ വ്യക്തമാക്കി. 2024ലെ ഇന്ത്യൻ ഭക്ഷണ മാർഗനിർദ്ദേശങ്ങൾ പ്രകാരം സമീകൃതാഹാരത്തിന്റെ ഭാഗമായി പുരുഷന്മാർ പ്രതിദിനം 40 ഗ്രാമും സ്ത്രീകൾ 30 ഗ്രാമും നട്സുകൾ കഴിക്കുന്നത് ഉചിതമാണ്. ചിട്ടയായ ഇത്തരം ഭക്ഷണ ശീലങ്ങൾ പ്രമേഹ സാധ്യത തടയുന്നതിനും ദീർഘകാല ആരോഗ്യ സംരക്ഷണത്തിനും നിർണായക പങ്കുവഹിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com